LIBRARY ARCHIVES Kerala Legislative Assembly

വാളയാർ-വടക്കഞ്ചേരി ദേശീയപാതയിലെ അപകടങ്ങൾ

346 (2176) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ വടക്കഞ്ചേരി ദേശീയപാതയിലെ ആലത്തൂർ മേഖലയിൽ വൻതോതിൽ അപകടങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആലത്തൂർ സ്വാതി ജംഗ്ഷനിലെ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭ്യമായിട്ടുണ്ടോ ;

(സി) കഴിഞ്ഞ ആറുമാസത്തിനിടയ്ക്ക് ഇവിടെ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്വാതി ജംഗ്ഷനിലെ റോഡിന്റെ അശാസ്ത്രീയമായ നിർമാണം മൂലമാണ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത അപാകതകൾ പരിഹരിച്ച് സിഗ്നൽ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹനവകുപ്പിൽ പരാതി ലഭിച്ചിട്ടില്ല.

(സി) സ്വാതി ജംഗ്ഷനിൽ 4 എണ്ണം.

(ഡി) ഉണ്ട്.

(ഇ) വാളയാർ വടക്കഞ്ചേരി ദേശീയപാതയിലെ റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത കൊണ്ടുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും വേണ്ടി പാലക്കാട് ജില്ലാകളക്ടർ 24-11-2015-ന് ബഹു. പാലക്കാട് എം.പി. ശ്രീ. എം. ബി. രാജേഷ് അവർകളുടെ നിർദ്ദേശാനുസരണം യോഗം വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ സിഗ്നൽ സംവിധാനം നടപ്പിലാക്കുന്നതിനായി അടിയന്തര നടപടികൾ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസ്സുകൾ

347 (2177) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് പുതിയതായി അനുവദിച്ച ബസ്സുകൾ എത്രയാണ് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

GPM. 2/240/2020-53

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട് ; നേരത്തെ സർവ്വീസ് നടത്തിയിരുന്ന ഏതെങ്കിലും റൂട്ടിൽ സർവ്വീസ് റദ്ദാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇപ്പോൾ എത്ര ബസ്സുകൾ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്നുണ്ട് ; റൂട്ടുകൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഡിപ്പോയിൽ ആവശ്യത്തിന് അനുസരിച്ച് ബസുകൾ ഉണ്ടോ ; അവിടെ ജീവനക്കാരുടെ കുറവുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് പുതിയതായി അനുവദിച്ച ബസ്സുകൾ മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ 3 ജൻറം സർവ്വീസുകൾ ഉൾപ്പെടെ 4 പുതിയ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. നടത്തിയിരുന്ന സർവ്വീസുകൾ ഒന്നും തന്നെ സ്ഥിരമായി റദ്ദാക്കിയിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുമ്പോൾ ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദാക്കാറുണ്ട്.

(സി) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ Super Deluxe-2, Super Express-1, Fast Passenger-22, Ordinary-69, JnNURM-3, എന്നിങ്ങനെ 97 ബസ്സുകൾ 76 വിവിധ റൂട്ടുകളിലായി സർവീസുകൾ നടത്തി വരുന്നുണ്ട്. അവയുടെ വിശദവിവരം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(ഡി) 5 എക്സ്പ്രസ് ബസ്സുകളുടേയും 13 ഓർഡിനറി ബസ്സുകളുടേയും കുറവുണ്ട്. ജീവനക്കാരുടെ കുറവില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly